# പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :2600 12.02.2019 ലെ മറുപടിയ്ക്ക്

## ആദിവാസി യുവാവ് കൊല്ലപ്പെട്ട കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ നിയമനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.അനൂപ് ജേക്കബ് | | ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| എ) | അട്ടപ്പാടിയിൽ ആദിവാസി യുവാവ് മധു കൊല്ലപ്പെട്ട കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിച്ചതിനു ശേഷം പ്രസ്തുത നിയമനം റദ്ദാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ; | എ), ബി) & സി) | മധു എന്ന യുവാവ് കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട കേസിൽ അഡ്വ. പി.ഗോപിനാഥിനെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ ആയി നിയമിച്ചിരുന്നു. ശ്രീ.പി.ഗോപിനാഥ് നിലവിലുള്ള സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരം കേസ് ഏറ്റെടുക്കാൻ സമ്മതപത്രം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ ആയി നിയമിച്ചത്.എന്നാൽ ഉത്തരവ് പുറപ്പെടുവിച്ച ശേഷം ശ്രീ.ഗോപിനാഥ് ചട്ടപ്രകാരം നൽകിയ സമ്മതപത്രത്തിലെ വ്യവസ്ഥകൾ അംഗീകരിക്കാൻ തയ്യാറാകാതിരിക്കുകയും നിയമനം സ്വീകരിക്കാതിരിക്കുകയും ചെയ്തു. മധുവിന്റെ ബന്ധുക്കൾ ശ്രീ.ഗോപിനാഥിനെ നിയമിക്കണമെന്ന് ചട്ടപ്രകാരം ആവശ്യപ്പെടുകയും ചെയ്തിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ ശ്രീ.പി.ഗോപിനാഥിനെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് റദ്ദ് ചെയ്യുകയും മണ്ണാർക്കാട് എസ്.സി/എസ്.റ്റി പ്രത്യേക കോടതിയിലെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ കേസ് നടത്തിപ്പ് ഏൽപ്പിക്കുകയും ചെയ്തു. തുടർന്ന് മറ്റൊരു അഡ്വക്കേറ്റിനെ ഈ കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ ആയി നിയമിക്കാനുള്ള നടപടി ആഭ്യന്തര വകുപ്പ് സ്വീകരിച്ചുവരുന്നു. |
| ബി) | റദ്ദാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ സാഹചര്യം എന്താണെന്നു വിശദമാക്കുമോ; | | |
| സി) | നിലവിൽ പ്രസ്തുത കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ഈ കേസിനു മാത്രമായി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**